അമർഷത്തിനു കാരണമാവുന്നു....പോലീസും റൗഡികളും രാഷ്ട്രീയക്കാരും കൂട്ടുചേർന്നു നടത്തുന്ന ജനമർദനമായി സംസ്ഥാനഭരണം ജനങ്ങൾക്കു മുമ്പിൽ പ്രത്യക്ഷപ്പെടുകയെന്നതു സാധാരണ സംഭവമായിത്തീർന്നിരിക്കുന്നു. കേരളത്തിൽ നടക്കുന്നതുപോലെയുള്ള ഈർക്കിൽപ്പാർട്ടികളുടെ വൃത്തികെട്ട സമ്മർദതന്ത്രങ്ങളും, നഗ്നമായി നിരന്തരം നടക്കുന്ന പൊതുമുതൽക്കൊള്ളയും, ജനങ്ങളുടെ നിസ്സഹായതാബോധവും, ഇന്നല്ലെങ്കിൽ നാളെ സർക്കാരിനെതിരെ ഉഗ്രമായ ഒരു പ്രക്ഷോഭണമായി രൂപാന്തരപ്പെട്ടുകൂടായ്കയില്ല. വിശ്വാസ്യതയുള്ള എതിർപാർട്ടികളോ ആരോപണവിധേയരല്ലാത്ത എതിർപാർട്ടി നേതാക്കളോ സംസ്ഥാനങ്ങളിൽ ഇല്ലെന്നതാണ് കോൺഗ്രസ് പാർട്ടിക്ക് ഇന്നുള്ള അനുകൂലപരിതഃസ്ഥിതി.'

ഈ നിഷേധാത്മകസാഹചര്യത്തിന്റെ മാത്രം പിൻബലത്തോടെ കോൺഗ്രസ്സിനു് എത്രകാലം നിലനിൽക്കാൻ കഴിയും?

തന്റെ പാർട്ടിയിൽ അനിഷേധ്യമാംവിധം സ്വന്തം നേതൃത്വം ഉറപ്പിക്കാൻ ഇതിനകം രാജീവ്ഗാന്ധിക്ക് കഴിഞ്ഞിട്ടുണ്ട്. അതിനകത്ത് കുന്നുകൂടിക്കിടക്കുന്ന വൃത്തികേടുകളെപ്പററി ശരിയായ ധാരണ അദ്ദേഹത്തിനുണ്ടെന്ന് ബോംബെയിലെ ശതാബ്ദിസമ്മേളനത്തിൽ അദ്ദേഹം ചെയ്ത അധ്യക്ഷപ്രസംഗം വ്യക്തമാക്കുന്നു.

പക്ഷേ, വാക്കുകൾകൊണ്ട് എല്ലൊടിയില്ല. അഴിമതിയുടെ എല്ലൊടിക്കുവാൻ രാജീവ്ഗാന്ധിക്ക് കരുത്തുണ്ടോ? മനസ്സുണ്ടോ? ഉപകരണമുണ്ടോ? പരിപാടിയുണ്ടോ?

നമുക്ക് അതു കാത്തിരുന്നു കാണാം.

31 ഡിസംബർ, 1985.

# 51. അസമിൽ സമാധാനം

1985 ആഗസ്റ്റ് 15-ാം തീയതി വെളുപ്പിനു് രണ്ടേമുക്കാൽ മണിക്ക്, ഡൽഹിയിൽ പ്രധാനമന്ത്രിയുടെവസതിയിൽവെച്ച്, കേന്ദ്രഗവണ്മെൻറിന്റെയും അസം ഗവണ്മെൻറിന്റെയും പ്രതിനിധികൾ ഒരുവശത്തും, അഖില അസം വിദ്യാർഥിയൂണിയന്റെ (എ. എ. എസ്. യു.) പ്രസിഡണ്ട് പ്രഫുല്ലകുമാർ മഹന്ത്, ജനറൽ സെക്രട്ടറി ഭൃഗുഫൂക്കൻ, അഖില അസം ഗണസംഗ്രാമപരിഷത്തിന്റെ (എ. എ. ജി. എസ്. പി.) കൺവീനർ ബിരാജ്ശർമ എന്നിവർ മറുവശത്തുമായി ഒരു ഉടമ്പടിയിൽ ഒപ്പിട്ടതിനെത്തുടർന്ന്, ആറു വർഷമായി അസം സംസ്ഥാനത്തിൽ നടന്നുവന്ന ജനകീയപ്രക്ഷോഭം അവസാനിച്ചിരിക്കുന്നു. പഞ്ചാബിൽ സമാധാനം കൈവരുത്തിയ ഉടമ്പടിയിൽ ജൂലൈ 24-ാം തീയതി ഒപ്പിട്ട ശേഷം, മൂന്നാഴ്ച്ചയ്ക്കുള്ളിൽ അസമിൽക്കൂടി സമാധാനം സ്ഥാപിക്കുവാൻ കഴിഞ്ഞുവെന്നതു് പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ വലിയ ഒരു നേട്ടമാണെന്നു പറയാതെ വയ്യ. രാഷ്ട്രത്തിന്റെ മുഴുവൻ അഭിനന്ദനം പ്രധാനമന്ത്രി അർഹിക്കുന്നു.

അനധികൃതമായ കടിയേററത്തിൻഫലമായി അസം സംസ്ഥാനത്തിൽ അസമിയഭാഷ സംസാരിക്കുന്നവർ ഒരു ന്യൂനപക്ഷമായി മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് അവിടെ വ്യാപകമായ ജനകീയപ്രക്ഷോഭം ഇളക്കിവിട്ട പ്രശ്നം. താരതമ്യേന അവികസിതവും ജനവാസം കുറഞ്ഞതുമായ അസമിൽ ബ്രിട്ടീഷ് വാഴ്ചക്കാലത്തു വളരെക്കാലത്തോളം

ഭരണഭാഷയും വിദ്യാഭ്യാസഭാഷയും ബംഗാളി ആയിരുന്നു. ജനങ്ങളുടെ മാതൃഭാഷയായ അസമിയ പ്രാഥമികവിദ്യാഭ്യാസത്തിന്റെ മാദ്ധ്യമം ആക്കിക്കിട്ടുന്നതിനുതന്നെ അവിടെ വളരെയധികം പ്രക്ഷോഭണം വേണ്ടിവന്നു. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയ്ക്കകത്തു പശ്ചിമബംഗാളിൽനിന്നെന്നപോലെ ഇന്ത്യയ്ക്കു പുറത്തു് കിഴക്കേ പാകിസ്ഥാനിൽ (പിന്നീടു് ബംഗ്ലാദേശിൽ)നിന്നും അസമിലേക്ക വൻതോതിൽ അനിയന്ത്രിതമായ ജനപ്രവാഹമുണ്ടായി. ഇതിൻഫലമായി ത്രിപുരയിലും, അസം സംസ്ഥാനത്തിലെ ചില ജില്ലകളിലും ഭൂരിപക്ഷത്തിന്റെ മാതൃഭാഷ ബംഗാളിയായിത്തീർന്നു. അസം സംസ്ഥാനത്തിൽ മുഴുവൻ അസമിയഭാഷ സംസാരിക്കുന്നവർ ഒരു ന്യൂനപക്ഷമായി മാറാൻ ഏതാനും വർഷങ്ങളേ വേണ്ടൂ എന്ന ആശങ്ക ജനങ്ങളിൽ പരന്നു. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ ബംഗ്ലാദേശിൽനിന്നുള്ള കള്ളക്കുടിയേററത്തിനു് അരുനിന്നു. കള്ളക്കുടിയേററക്കാരെ വോട്ടുബാങ്കുകളായി ഉപയോഗപ്പെടുത്തുന്നതിലായിരുന്നു രാഷ്ട്രീയപാർട്ടിക്കാർക്ക താല്പര്യം. അതിർത്തി കടന്നെത്തുന്ന കള്ളക്കുടിയേററക്കാർക്കു് അസം സംസ്ഥാനഗവണ്മെൻറും ത്രിപുര സംസ്ഥാനഗവണ്മെൻറും പശ്ചിമബംഗാൾ ഗവണ്മെൻറും പൗരത്വസർട്ടിഫിക്കററുകൾ നൽകി. അസമിയഭാഷയും അസം സംസ്കാരവും അസം സംസ്ഥാനത്തിൽ അവഗണിക്കപ്പെട്ടു. വളരെയധികം കാർഷികശേഷിയും, ഭൂമിക്കടിയിൽ വമ്പിച്ച എണ്ണനിക്ഷേപവും എല്ലാം ഉണ്ടായിട്ടും, അസമിൽ വ്യാവസായികപുരോഗതി വളരെ മന്ദഗതിയിലായിരുന്നു.

അസഹ്യങ്ങളായ ഈ ചുററുപാടുകൾക്കെതിരായാണു് 1979 ജൂൺ 8-ാം തീയതി അസം സംസ്ഥാനത്തിൽ സർക്കാരിനെതിരെ ഒരു ജനകീയ നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചതു്. സാഹിത്യകാരന്മാരുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രക്ഷോഭണം വിദ്യാർത്ഥികൾ ഏറെറടുത്തു. തികച്ചും സമാധാനപരമായിരുന്ന ഈ പ്രസ്ഥാനത്തിന്റെ മുന്നണിയിൽ അധികവും സ്ത്രീകളായിരുന്നു. പഞ്ചാബിലെ അകാലിപ്രക്ഷോഭണം അക്രമാത്മകമായിരുന്നപ്പോൾ അസം പ്രക്ഷോഭണം അഹിംസാധിഷ്ഠിതമായിരുന്നു. അസമിലെ പ്രക്ഷോഭണത്തിൽ മൂവായിരത്തഞ്ഞൂറുപേർ ഇതിനകം മരണമടഞ്ഞതായി കാണുന്നു. ഇവരിൽ ഭൂരിഭാഗവും, വെടിവെയ്പിലും, ഗോത്രവർഗക്കാരുടെ ആക്രമണങ്ങളിലുംപെട്ടു മരണമടഞ്ഞ സാധാരണ ജനങ്ങളാണു്.

താഴെ ചേർക്കുന്ന എട്ടാവശ്യങ്ങളാണു് അസമിലെ പ്രക്ഷോഭകർ മുഖ്യമായി ഉന്നയിച്ചിരുന്നതു്.

1. അസമിലുള്ള വിദേശപൗരന്മാരെ കണ്ടുപിടിച്ചു്, അവരെ ഇന്ത്യയിൽ നിന്നു പുറത്താക്കുക.
2. അസമിൽ തെരഞ്ഞെടുപ്പു നടത്തുംമുമ്പു്, വോട്ടർപ്പട്ടികയിൽനിന്നു വിദേശപൗരന്മാരുടെ പേരുകൾ നീക്കിക്കളയുക.
3. ഭാവിയിൽ വിദേശപൗരന്മാരുടെ പേരുകൾ വോട്ടർപ്പട്ടികയിൽ കടന്നുകൂടാതിരിക്കാൻ മുൻകരുതലുകൾ എടുക്കുക.
4. ബംഗ്ലാദേശിൽനിന്നുള്ള കള്ളക്കുടിയേററം തടയാൻ അതിർത്തിയിൽ കർശനമായ കാവൽ ഏർപ്പെടുത്തുക.
5. കള്ളവോട്ടു തടയാൻ, അസമിലെ വോട്ടർമാർക്ക ഫോട്ടോ പതിച്ച അഭിജ്ഞാനപത്രങ്ങൾ (ഐഡൻറിററി കാർഡുകൾ) നൽകുക.
6. കുടിയേററക്കാർക്ക സംസ്ഥാനങ്ങൾ (പ്രത്യേകിച്ചു് പശ്ചിമബംഗാൾ-ത്രിപുര സംസ്ഥാനങ്ങൾ)പൗരത്വസർട്ടിഫിക്കററു് നൽകുന്നതു നിർത്തലാക്കുക. അവർ നൽകിയ പൗരത്വസർട്ടിഫിക്കററുകൾ റദ്ദാക്കുക.

7. ഭാവിയിൽ പൗരത്വസർട്ടിഫിക്കററ് നൽകുന്നതിനുള്ള അധികാരം കേന്ദ്രഗവണ്മെൻറിനു മാത്രമാക്കുക.
8. വടക്കുകിഴക്കേ ഇന്ത്യയിലെ ജനങ്ങൾക്ക് അടുത്ത രണ്ടു പതിററാണ്ടുകളിൽ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

1980 ഫെബ്രുവരിയിൽ ശ്രീമതി ഇന്ദിരാഗാന്ധി അസം പ്രക്ഷോഭ നേതാക്കളെ ചർച്ചയ്ക്കു ക്ഷണിച്ചു. 1983 ജനുവരി 5 വരെ, ഇരുപത്തി മൂന്നുവട്ടം, ചർച്ചകൾ നടന്നെങ്കിലും, ഒരു ഒത്തുതീർപ്പ് ഉണ്ടായില്ല. 1962 മുതൽ 1971 വരെ നിയമവിരുദ്ധമായി അസമിൽ കടിയേറിയവരുടെ പേരുകൾ ഒഴിവാക്കി വോട്ടർപ്പട്ടിക തയ്യാറാക്കണമെന്നും, ഈ പട്ടികയുടെ അടിസ്ഥാനത്തിൽ മാത്രമേ അസമിൽ തെരഞ്ഞെടുപ്പു നടത്താവൂ എന്നും പ്രക്ഷോഭകർ ആവശ്യപ്പെട്ടു. ഇതിന്നർത്ഥം 1980—ൽ തയ്യാറാക്കിയ വോട്ടർപ്പട്ടികയിൽനിന്നു് അഞ്ചുലക്ഷം മുതൽ ഒമ്പതുലക്ഷം വരെ പേരുകൾ നീക്കിക്കളയണമെന്നായിരുന്നു ഈ ആവശ്യം ഇന്ത്യാ ഗവണ്മെൻറ് സമ്മതിച്ചില്ല. ഒത്തുതീർപ്പ് ഉണ്ടാകാതിരുന്നതിനു കാരണം ഈ അഭിപ്രായവൈരുദ്ധ്യമായിരുന്നു. 1983 ഫെബ്രുവരി മദ്ധ്യത്തിൽ അസമിൽ നടന്ന തെരഞ്ഞെടുപ്പ് പ്രക്ഷോഭകർ ബഹിഷ്കരിച്ചു. എന്നിട്ടും സ്റ്റേററ് അസംബ്ലിയിൽ 126 സ്ഥാനങ്ങളിലേക്കും പാർലമെൻറിൽ 12 സ്ഥാനങ്ങളിലേക്കും തെരഞ്ഞെടുപ്പു നടന്നു. ശ്രീ ഹിതേശ്വർ സൈക്കിയയുടെ നേതൃത്വത്തിൽ ഒരു കോൺഗ്രസ് മന്ത്രിസഭ അസമിൽ നിലവിൽ വരുകയുംചെയ്തു. എങ്കിലും ജനകീയപ്രക്ഷോഭണം ഇളവില്ലാതെ തുടർന്നു.

1985 ആഗസ്റ്റ് 15—ാം തീയതി വെളുപ്പിനു് ദൽഹിയിൽ ഒപ്പിട്ട ഉടമ്പടിയിൽ പ്രക്ഷോഭകർ 1980—ൽ ഉന്നയിച്ച മിക്ക ആവശ്യങ്ങളും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഉടമ്പടിയിലെ പ്രധാന വകുപ്പുകൾ താഴെ ചേർക്കുന്നവയാണു്.

1. 1966 ജനുവരി 1 വരെ അസമിൽ കുടിയേറിപ്പാർത്ത വിദേശീയക്ക് ഇന്ത്യൻ പൗരത്വം ഉണ്ടായിരിക്കും. 1966 ജനുവരി 1 മുതൽ 1971 മാർച്ച് 24 വരെ അസമിൽ അനധികൃതമായി കുടിയേറിയ വിദേശീയരെ മുഴുവൻ കണ്ടുപിടിച്ച് അവരുടെ പേരുകൾ വോട്ടർപ്പട്ടികയിൽനിന്നു നീക്കിക്കളയും. എന്നാൽ, 1967_ലെ വോട്ടർപ്പട്ടികയിൽ പേരുള്ളവർക്കു തുടർന്നും വോട്ടവകാശമുണ്ടാകും. ഇപ്പോൾ പട്ടികയിൽനിന്നു പേർ നീക്കിക്കളയുന്നവർ വിദേശീയരെന്നനിലയിൽ പേർ രജിസ്റ്റർചെയ്യണം. ഇവർക്ക് അസമിൽ പാർക്കാം; പത്തുവർഷങ്ങൾക്കുശേഷം വോട്ടവകാശം നൽകുന്നതുമാണ്.
2. 1971 മാർച്ച് 25 മുതൽ അസമിൽ അനധികൃതമായി കുടിയേറിയവരെ മുഴുവൻ കണ്ടുപിടിച്ചു രാജ്യത്തിൽനിന്നു പുറത്താക്കും. ഇവരുടെ പേരു് വോട്ടർപ്പട്ടികയിൽനിന്നു സ്ഥിരമായി നീക്കിക്കളയും. ഒരിക്കൽ കണ്ടുപിടിച്ചു പുറത്തയച്ച വിദേശീയർ വീണ്ടും കളവായി കുടിയേറുന്നപക്ഷം, അവരെയും കണ്ടുപിടിച്ചു പുറത്താക്കും.
3. ഇതിനെല്ലാം വേണ്ട സംവിധാനം അസമിൽ കേന്ദ്രഗവണ്മെൻറ് ഉണ്ടാക്കും.
4. അസം ജനതയുടെ സാംസ്കാരികവും സാമൂഹ്യവും ഭാഷാപരവുമായ വ്യക്തിത്വവും പൈതൃകവും സംരക്ഷിക്കുന്നതിനു ഭരണഘടനാപരവും നിയമനിർമാണപരവും ഭരണപരവുമായ സംരക്ഷണങ്ങൾ കേന്ദ്രഗവണ്മെൻറ് നൽകും.
5. അസമിലെ ജനങ്ങളുടെ ജീവിതനിലവാരം വേഗത്തിൽ ഉയർത്തുന്നതിനായി സാമ്പത്തികനടപടികൾ കേന്ദ്രഗവണ്മെൻറ് കൈക്കൊ

ള്ളം. വിദ്യാഭ്യാസം, ശാസ്ത്രവും സങ്കേതവിദ്യയും എന്നിവയുടെ വളർച്ചയ്ക്കായി ഏതാനും കേന്ദ്രസ്ഥാപനങ്ങൾ അസമിൽ ആരംഭിക്കും.

6. മേലിൽ കേന്ദ്രഗവണ്മെൻറ് മാത്രമേ പൗരത്വസർട്ടിഫിക്കറ്റുകൾ നൽകുകയുള്ളു.

7. ബംഗ്ലാദേശ്—ഇന്ത്യഅതിർത്തിയിൽ മതിൽ, കമ്പിവേലി മുതലായ തടസ്സങ്ങൾ ഉണ്ടാക്കും. ചോർന്നുകടക്കൽ തടയാൻ അതിർത്തിയിൽ കുറെ സ്ഥലം ആൾപ്പാർപ്പില്ലാതെ ഒഴിച്ചിടും; അതിർത്തി റോഡ് ഉണ്ടാക്കും; കാവൽ ശക്തിപ്പെടുത്തും.

8. അസമിൽ സർക്കാർഭൂമിയിലും ഗോത്രവർഗക്കാരുടെ ഭൂമിയിലും കൈയേററം കർശനമായി തടയും. വിദേശീയർ അസമിൽ ഭൂമി സമ്പാദിക്കുന്നതിന് ഇപ്പോഴുള്ള നിയമതടസ്സങ്ങൾ ബലത്തിൽ വരുത്തും.

9. അഖില അസം വിദ്യാർത്ഥി യൂണിയനും അഖില അസം ഗണസംഗ്രാമപരിഷത്തും, അവർ നടത്തിവരുന്ന പ്രക്ഷോഭണം പിൻവലിക്കുകയും, രാഷ്ട്രത്തിൻെറ വികസനത്തിനുള്ള യത്നങ്ങളിൽ സഹകരിക്കുകയുംചെയ്യും.

10. ഇതുവരെ നടന്ന പ്രക്ഷോഭണം സംബന്ധിച്ച കേസുകൾ സർക്കാർ പിൻവലിക്കും. ഉദ്യോഗസ്ഥർക്കെതിരായ ശിക്ഷണനടപടികൾ റദ്ദാക്കും. പ്രക്ഷോഭണത്തിൻെറ ഫലമായി പഠിപ്പു നഷ്ടപ്പെട്ടവർക്ക് ഉദ്യോഗങ്ങളിൽ ചേരാനുള്ള പ്രായപരിധി ഉയർത്തും.

11. ഈ ഉടമ്പടിയിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുക കേന്ദ്രഗൃഹമന്ത്രാലയത്തിൻെറ ബാധ്യതയായിരിക്കും.

ഈ ഉടമ്പടിയിൽ ഒപ്പുവെച്ച അഖില അസം വിദ്യാർത്ഥി യൂണിയനും അഖില അസം ഗണസംഗ്രാമ പരിഷത്തും, അവരുടെ നേതൃത്വത്തിൽ നടന്നുവന്ന പ്രക്ഷോഭണം പിൻവലിച്ചിട്ടുണ്ട്. ജനങ്ങളുടെ ബഹിഷ്കരണമുണ്ടായിട്ടും 1983 ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ നിലവിൽവന്ന മന്ത്രിസഭ രാജിവെക്കും. എങ്കിലും മുഖ്യമന്ത്രി ഹിതേശ്വർ സൈക്കിയയുടെ നേതൃത്വത്തിൽ ഒരു കാവൽമന്ത്രിസഭ അധികാരത്തിൽ തുടരും; പുതിയ വോട്ടർപ്പട്ടിക തയ്യാറാക്കുന്നതും അതിൻെറ അടിസ്ഥാനത്തിൽ കഴിയുംവേഗം അസം സംസ്ഥാനനിയമസഭയിലേക്കും പാർലമെൻറിലേക്കും പുതിയ തെരഞ്ഞെടുപ്പു നടത്തുന്നതും ആയിരിക്കും.

അസമിലെ പ്രക്ഷോഭണം ആ സംസ്ഥാനത്തിനുമാത്രം വേണ്ടിയുള്ള ഒരു സമരമല്ലെന്ന്, 1983 ഫെബ്രുവരിയിൽ ഈ പംക്തിയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ഞാൻ സമർത്ഥിച്ചിരുന്നു. 'വിദേശീയ പൗരന്മാർ ഒരു നിയന്ത്രണവുമില്ലാതെ കടിയേറിപ്പാർക്കുന്നതു് ഇന്ത്യയുടെ ആഭ്യന്തരസമാധാനത്തിനു ഭീഷണിയാണ്. അതിനാൽ ഇന്ത്യയുടെ മുഴുവൻ രക്ഷയ്ക്കുവേണ്ടിയുള്ള ഒരു സമരമാണ് അസംകാരുടേതു്. അതു് നമ്മുടെയെല്ലാം സമരമാണ്'' എന്ന് അന്നു ഞാൻ എഴുതി. അഹിംസാത്മകവും, ബഹുജനപ്പങ്കാളിത്തമുള്ളതുമായ ഈ സമരത്തിൻെറ മുന്നിലുണ്ടായിരുന്നതു് അസമിലെ വിദ്യാർത്ഥി—യുവജന വിഭാഗങ്ങളാണ്. രാഷ്ട്രത്തിനു മുഴുവൻ മാതൃകാപരമായ രീതിയിൽ ഈ സമരം നയിച്ചതിലും, അതിനെ വിജയത്തിലെത്തിച്ചതിലും അവർ തികച്ചും അഭിനന്ദനമർഹിക്കുന്നു.

അസമിലെ പ്രതിസന്ധിക്കു പരിഹാരം കണ്ടതിൽ, പ്രധാനമന്ത്രി രാജീവ്ഗാന്ധിയെയെന്നപോലെ, അസംപ്രക്ഷോഭണത്തിനു നേതൃത്വം വഹിച്ച ആദർശവാദികളായ യുവജനങ്ങളെയും നമുക്കു വാഴ്ത്തുക.

17 ആഗസ്റ്റ്, 1985